(സി) 20-1-2015-ന് ചേർന്ന നാളികേര-നീര ബോർഡ് യോഗത്തിൽ നീര ഉല്പാദനത്തിനുള്ള അനുമതിക്കായി ലഭിച്ച 16 അപേക്ഷകൾ പരിശോധിക്കുകയും എന്നാൽ അപേക്ഷകളൊന്നിലും വേണ്ടത്ര വിവരങ്ങൾ ഇല്ലാത്തതിനാൽ നീര ഉല്പാദനത്തിനായി അപേക്ഷിക്കുന്നവർ ഇതിനായി തയ്യാറാക്കിയ നിബന്ധനകൾക്ക് അനുസൃതമായ വിശദമായ ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ട് സഹിതം അപേക്ഷിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത വിവരം അപേക്ഷകരെ അറിയിച്ചിട്ടുമുണ്ട്.

(ഡി&ഇ) നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള ലൈസൻസിനായി നാളികേര-നീര ബോർഡിനാണ് അപേക്ഷ നൽകേണ്ടത്. ലൈസൻസ് നല്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

വർഷകാല നാശനഷ്ടങ്ങൾ

121 (3089) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് വർഷകാലങ്ങളിൽ കവിഞ്ഞൊഴുകി വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനു, ഈ ജലം പ്രസ്തുത പഞ്ചായത്തുകളിലെ ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമായി കപ്പത്തോട്ടിലെ കളവാഴകൾ നീക്കം ചെയ്ത് ആഴം കൂട്ടി വശങ്ങൾ കെട്ടിസംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിനായി കെ.എൽ.ഡി.സി.-യോടു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ കെ.എൽ.ഡി.സി. സ്വീകരിച്ചിട്ടുണ്ടോ ;

(സി) അടിയന്തരമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly